9488
24/12/13

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 9th September 2013<br>2013 സെപ്റ്റംബർ 9<br>18th Bhadra 1935<br>1935 ഭാദ്രം 18 | No.<br>നമ്പർ 2642 |

### കേരള സർക്കാർ

### സാമൂഹ്യനീതി (സി) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (അച്ചടിച്ചത്) നമ്പർ 72/2013/സാനീവ. *തിരുവനന്തപുരം, 2013 സെപ്റ്റംബർ 5.*

2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ടിലെ (2012-ലെ 18), 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് സാമൂഹ്യനീതി ഡയറക്ടറേറ്റും അതിൻകീഴിലുള്ള സ്ഥാപനങ്ങളും നൽകുന്ന സേവനങ്ങൾ സംബന്ധിച്ച വിജ്ഞാപനം ഇതിനാൽ പുറപ്പെടുവിക്കുന്നതോടൊപ്പം പ്രസ്തുത സേവനം ഉറപ്പുവരുത്തുന്നതിനുവേണ്ട നിയുക്ത ഉദ്യോഗസ്ഥർ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി തുടങ്ങിയവ സംബന്ധിച്ചും താഴെ പട്ടികകളിൽ വ്യക്തമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത് :—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

5/451/[illegible]013/DTP

പട്ടിക 1

## സാമൂഹ്യനീതി ഡയറക്ടറേറ്റും അതിനു കീഴിലുള്ള ഓഫീസുകളും

| ക്രമ നമ്പർ | സേവനം | നിയുക്ത ഉദ്യോഗസ്ഥൻ | സമയപരിധി | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | 1961-ലെ സ്ത്രീധന നിരോധന നിയമ (1961-ലെ 28-ാം കേന്ദ്ര ആക്ട്) പ്രകാരമുള്ള പരാതികൾ രമ്യതയിൽ തീർപ്പാക്കൽ | റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ | 45 ദിവസം | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 2 | 2000-ത്തിലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് (2000-ത്തിലെ 56-ാം കേന്ദ്ര ആക്ട്) പ്രകാരം കുട്ടികൾക്കുള്ള സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകൽ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 45 ദിവസം | സാമൂഹ്യനീതി വകുപ്പ് റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 3 | സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾക്കുള്ള ലൈസൻസ് അപേക്ഷ സർക്കാരിന് ശുപാർശ ചെയ്യുന്നത് | സാമൂഹ്യനീതി ഡയറക്ടർ | 45 ദിവസം | അഡീഷണൽ സെക്രട്ടറി | സെക്രട്ടറി |
| 4 | 1995-ലെ വൈകല്യങ്ങളുള്ള ആളുകൾ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) ആക്ട് (1996-ലെ 1-ാം കേന്ദ്ര ആക്ട്) പ്രകാരമുള്ള സ്ഥാപനങ്ങൾക്കുള്ള അംഗീകാരം | സാമൂഹ്യനീതി ജോയിന്റ് ഡയറക്ടർ | ജില്ലാ സാമൂഹ്യനീതി ഓഫീസർ 45 ദിവസത്തിനകം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നു. ജോയിന്റ് ഡയറക്ടർ 30 ദിവസത്തിനകം നടപടി പൂർത്തിയാക്കുന്നു. | സാമൂഹ്യനീതി അഡീഷണൽ ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| 5 | 2005-ലെ ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്ട് (2005-ലെ 43-ാം കേന്ദ്ര ആക്ട്) പ്രകാരമുള്ള പരാതികളിൽ ഗാർഹിക സംഭവ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നത് | പ്രൊട്ടക്ഷൻ ഓഫീസർ | (1) നിയമ നടപടികൾ ആവശ്യമുള്ള കേസ്സുകളിൽ ഉടൻതന്നെ (2) കൺസിലിയേഷൻ കേസുകളിൽ 30 ദിവസത്തിനകം | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |

## സാമൂഹ്യനീതി ഡയറക്ടറേറ്റിനു കീഴിലുള്ള ക്ഷേമസ്ഥാപനങ്ങൾ

| ക്രമ നമ്പർ | സേവനം | നിയുക്ത ഉദ്യോഗസ്ഥൻ | സമയപരിധി | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ഗാർഹിക അതിക്രമങ്ങളിൽപ്പെട്ട സ്ത്രീകൾക്ക് ഷെൽട്ടർ ഹോമുകളിൽ അഭയം നൽകൽ | സൂപ്രണ്ട് മഹിളാമന്ദിരം | അപേക്ഷിച്ച ഉടനെ തന്നെ പ്രവേശനം നൽകുന്നു | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 2 | അഗതികളായ സ്ത്രീകൾക്കും 6 വയസ്സുവരെയുള്ള കുട്ടികൾക്കും മഹിളാ മന്ദിരത്തിൽ പ്രവേശനം | സൂപ്രണ്ട് | അപേക്ഷിച്ചാലുടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 3 | മാനസിക രോഗവിമുക്തി നേടിയ അഗതികൾക്കുള്ള ആശാഭവനിലെ പ്രവേശനം | സൂപ്രണ്ട് | ഡിസ്ചാർജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഉടൻതന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 4 | 1956-ലെ ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്ട് പ്രകാരമുള്ള സംരക്ഷണത്തിന് അർഹതയുള്ളവർക്കുള്ള റെസ്ക്യൂഹോമിലെ പ്രവേശനം | സൂപ്രണ്ട് | കോടതി മുഖാന്തിരം ഉടൻതന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 5 | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത 18-നും 21-നും ഇടയിൽ പ്രായമുള്ളവർക്കുള്ള ആഫ്റ്റർ കെയർ ഹോമിലെ പ്രവേശനം | സൂപ്രണ്ട് | വിടുതൽ ചെയ്താൽ ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 6 | വൃദ്ധസദനങ്ങളിലെ പ്രവേശനം | സൂപ്രണ്ട് | അപേക്ഷിച്ചാൽ ഉടൻതന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 7 | 4-നും 18-നും ഇടയ്ക്ക് പ്രായമുള്ള മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ സ്ഥാപനത്തിലെ പ്രവേശനം | സൂപ്രണ്ട് | ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 8 | ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാർക്കുള്ള പ്രതീക്ഷാ ഭവനിലെ പ്രവേശനം | സൂപ്രണ്ട് | ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 9 | ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാർക്കുള്ള പ്രത്യാശാ ഭവനിലെ പ്രവേശനം | സൂപ്രണ്ട് | ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 10 | വികലാംഗരായ സ്ത്രീകൾക്കും പുരുഷൻമാർക്കുമുള്ള വികലാംഗ സദനത്തിലെ പ്രവേശനം | സൂപ്രണ്ട് | ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |

| | | | | |
|---|---|---|---|---|
| 11 വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ | സൂപ്രണ്ട് | അനുവദനീയമായ സീറ്റുകളുടെ അടിസ്ഥാനത്തിൽ ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 12 4-നും 18-നും ഇടയ്ക്ക് പ്രായമായ കുട്ടികൾക്കുള്ള ബാലവികലാംഗ സദനത്തിലെ പ്രവേശനം | സൂപ്രണ്ട് | അപേക്ഷിച്ച ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 13 ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് പ്രകാരം നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുള്ള സ്പെഷ്യൽ ഹോമിലെ പ്രവേശനം | സൂപ്രണ്ട് | ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 14 കുറ്റം ചെയ്തതായി ആരോപി ക്കപ്പെട്ട കുട്ടികൾക്കുള്ള താൽ ക്കാലിക നിരീക്ഷണ കേന്ദ്രമായ ഒബ്സർവേഷൻ ഹോമിലെ പ്രവേശനം | സൂപ്രണ്ട് | ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 15 2000-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് (2000-ലെ 56-ാം കേന്ദ്ര ആക്ട്) പ്രകാരമുള്ള കുട്ടി കൾക്കുള്ള ഹോമിലെ പ്രവേശനം | സൂപ്രണ്ട് | ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 16 | ഷോർട്ട് സ്റ്റേ ഹോമിലെ പ്രവേശനം | സൂപ്രണ്ട് | താൽക്കാലിക പ്രവേശനം ഉടൻ തന്നെ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ |
| 17 | പട്ടിക വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള ധന സഹായം (വിവാഹ രജിസ്ട്രേഷൻ കഴിഞ്ഞ് ഒരു വർഷത്തിനു ശേഷവും മൂന്ന് വർഷത്തിനകവും ഉള്ളവർക്ക്) | ജില്ലാ സാമൂഹ്യനീതി ഓഫീസർ | ഡിസംബർ മാസം വരെ ലഭിക്കുന്ന അപേക്ഷകൾക്ക് അതേ സാമ്പത്തിക വർഷത്തിൽ തുക അനുവദിക്കുന്നു | സാമൂഹ്യനീതി വകുപ്പ് റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 18 | വികലാംഗരായവരുടെ പെൺ മക്കൾക്കും വികലാംഗരായ സ്ത്രീകൾക്കുമുള്ള വിവാഹ ധന സഹായം | ജില്ലാ സാമൂഹ്യനീതി ഓഫീസർ | ഡിസംബർ മാസം വരെ ലഭിക്കുന്ന അപേക്ഷകൾക്ക് അതാത് സാമ്പത്തിക വർഷംതന്നെ സഹായം അനുവദിക്കുന്നു | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ. |
| 19 | വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | ജില്ലാ സാമൂഹ്യനീതി ഓഫീസർ | ഡിസംബർ വരെയുള്ള അപേക്ഷകൾ അതേ അദ്ധ്യായന വർഷം തീർപ്പാക്കുന്നു | സാമൂഹ്യനീതി അസിസ്റ്റന്റ് ഡയറക്ടർ | ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് |

൭

| | | | | |
|---|---|---|---|---|
| 20 | പ്രൊബേഷണർമാർ, എക്സ് പ്യൂപ്പിൾസ്, മുൻ കുറ്റവാളികൾ എന്നിവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായം | പ്രൊബേഷൻ ഓഫീസർ | (1) ജൂലൈ 31 വരെ അപേക്ഷ സ്വീകരിച്ച് 30 ദിവസത്തിനകം പ്രൊബേഷൻ ഓഫീസർ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നു | റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ | ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് |
| | | | (2) റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ 10 ദിവസത്തിനകം സ്ക്രൂട്ടിനി നടത്തി സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുന്നു | സാമൂഹ്യനീതി ഡയറക്ടർ | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |
| | | | (3) സാമൂഹ്യനീതി ഡയറക്ടർ, ആഫ്റ്റർകെയർ അസോസിയേഷൻ മീറ്റിംഗ് 30 ദിവസത്തിനകം വിളിച്ചു കൂട്ടുന്നു. അപേക്ഷ പാസ്സാക്കി തിരികെ പ്രൊബേഷൻ ഓഫീസർക്ക് നൽകുന്നു | സാമൂഹ്യനീതി ഡയറക്ടർ | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |
| | | | (4) പ്രൊബേഷൻ ഓഫീസർമാർ 30 ദിവസത്തിനകം ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷകന് നൽകുന്നു | റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 21 | അതിക്രമങ്ങൾക്കിരയായവർക്കുള്ള ധനസഹായം | പ്രൊബേഷൻ ഓഫീസർ | (1) അപേക്ഷ സ്വീകരിച്ച് 45 ദിവസത്തിനകം അന്വേഷണം നടത്തി കളക്ടർ, ചെയർമാനായ ജില്ലാതല കമ്മിറ്റിക്ക് സമർപ്പിക്കുന്നു | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| | | | (2) ജില്ലാതല കമ്മിറ്റിയുടെ ശുപാർശ ലഭിച്ച് 10 ദിവസത്തിനകം ധനസഹായം നൽകുന്നതിനായി സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുന്നു | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| | | | (3) ശുപാർശ ലഭിച്ച് 30 ദിവസത്തിനകം ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് പ്രൊബേഷൻ ഓഫീസർമാർക്ക് വിതരണത്തിന് നൽകുന്നു | സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ | സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി |
| | | | (4) പ്രൊബേഷൻ ഓഫീസർ 30 ദിവസത്തിനകം ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷകന് നൽകുന്നു | സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ | സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| 22 | ഗാർഹികാതിക്രമങ്ങൾക്കിരയായ വനിതകളുടെ പുനരധിവാസത്തിനുള്ള ധനസഹായം | പ്രൊട്ടക്ഷൻ ഓഫീസർ | (1) അപേക്ഷ ലഭിച്ച് അന്വേഷണം നടത്തി ജില്ലാ കമ്മിറ്റിയുടെ ശുപാർശയോടുകൂടി 60 ദിവസത്തിനകം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കുന്നു<br>(2) ശുപാർശ ലഭിച്ച് 30 ദിവസത്തിനകം ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് വിതരണത്തിന് നൽകുന്നു<br>(3) പ്രൊട്ടക്ഷൻ ഓഫീസർമാർ 30 ദിവസത്തിനകം ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷകന് നൽകുന്നു | ജില്ലാ സാമൂഹ്യനീതി ഓഫീസർ | സാമൂഹ്യനീതി ഡയറക്ടർ |
| 23 | തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | സാമൂഹ്യനീതി ഡയറക്ടർ | ജയിൽ സൂപ്രണ്ടിന്റെ അപേക്ഷ ലഭിച്ച് 60 ദിവസത്തിനകം ഡിമാന്റ് ഡ്രാഫ്റ്റ് ജയിൽ സൂപ്രണ്ടിന് നൽകുന്നു | അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 24 | വനിത ഗൃഹനാഥകളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 45 ദിവസത്തിനകം ജില്ലാ സാമൂഹ്യ നീതി ഓഫീസർ അന്വേഷണം നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കിയ ഉടൻതന്നെ ധന സഹായം ലഭ്യമാക്കുന്നു | സാമൂഹ്യനീതി അഡീഷണൽ ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |
| 25 | ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 1. അപേക്ഷ അതത് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നൽകി 45 ദിവസത്തിനകം സാമൂഹ്യ നീതി ഡയറക്ടർക്ക് അന്വേഷണ റിപ്പോർട്ട് നൽകുന്നു<br>2. ഡിസംബർ 31-നകം കിട്ടുന്ന അപേക്ഷകൾ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ തീർപ്പാക്കുന്നു | റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ | സാമൂഹ്യനീതി ഡയറക്ടർ |

പട്ടിക 2

## സംയോജിത ശിശുവികസന പദ്ധതി (ICDS)

| ക്രമ നമ്പർ | സേവനം | നിയുക്ത ഉദ്യോഗസ്ഥൻ | സമയപരിധി | ഒന്നാം അപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്ത 6 മാസം മുതൽ 36 മാസം വരെയുള്ള കുട്ടികൾക്ക് അനുപൂരക പോഷകാഹാരം നൽകൽ<br>(എ) സാധാരണ—500 കലോറി + 12-15 ഗ്രാം പ്രോട്ടീൻ<br>(ബി) പോഷകാഹാരക്കുറവ് ഉള്ളവർക്ക്—800 കലോറി + 20-25 ഗ്രാം പ്രോട്ടീൻ | സൂപ്പർവൈസർ, ഐ.സി.ഡി.എസ്. | എല്ലാ ദിവസവും | ശിശുവികസന പദ്ധതി ഓഫീസർ | പ്രോഗ്രാം ഓഫീസർ |
| 2 | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്ത 36 മാസം മുതൽ 72 മാസം വരെയുള്ള മുഴുവൻ കുട്ടികൾക്കും പാചകംചെയ്ത ആഹാരം നൽകൽ.<br>അനുപൂരക പോഷകാഹാരം<br>(എ) സാധാരണ—500 കലോറി + 12-15 ഗ്രാം പ്രോട്ടീൻ<br>(ബി) പോഷകാഹാരക്കുറവ് ഉള്ളവർക്ക്—800 കലോറി + 20-25 ഗ്രാം പ്രോട്ടീൻ | സൂപ്പർവൈസർ, ഐ.സി.ഡി.എസ്. | എല്ലാ ദിവസവും 3 തവണ | ശിശുവികസന പദ്ധതി ഓഫീസർ | പ്രോഗ്രാം ഓഫീസർ |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 3 | അംഗൻവാടിയിലെത്തുന്ന കുട്ടികൾക്ക് പ്രീ സ്കൂൾ വിദ്യാഭ്യാസം | സൂപ്പർവൈസർ, ഐ.സി.ഡി.എസ്. | എല്ലാ ദിവസവും | ശിശുവികസന പദ്ധതി ഓഫീസർ | പ്രോഗ്രാം ഓഫീസർ |
| 4 | ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാരം (600 കലോറി + 18–20 ഗ്രാം പ്രോട്ടീൻ) | സൂപ്പർവൈസർ, ഐ.സി.ഡി.എസ്. | എല്ലാ ദിവസവും | ശിശുവികസന പദ്ധതി ഓഫീസർ | പ്രോഗ്രാം ഓഫീസർ |
| 5 | കൗമാരക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കുമുള്ള ആരോഗ്യ പോഷണ വിദ്യാഭ്യാസം | സൂപ്പർവൈസർ, ഐ.സി.ഡി.എസ്. | എല്ലാ ദിവസവും | ശിശുവികസന പദ്ധതി ഓഫീസർ | പ്രോഗ്രാം ഓഫീസർ |

പട്ടിക - 3

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ലഭ്യമാക്കുന്ന സേവനങ്ങൾ

| *ക്രമ നമ്പർ* | *സേവനം* | *നിയുക്ത ഉദ്യോഗസ്ഥൻ* | *കാലാവധി* | *ഒന്നാം അപ്പീൽ അധികാരി* | *രണ്ടാം അപ്പീൽ അധികാരി* |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ആശ്വാസകിരണം പദ്ധതി (ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്കുള്ള ധനസഹായ പദ്ധതി) | (1) ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ (അംഗൻവാടി വർക്കർ/ സൂപ്പർവൈസർക്ക് സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് അന്വേഷണം നടത്തി ശുപാർശ ചെയ്ത് സാമൂഹ്യ സരക്ഷാ മിഷന് നൽകുന്നു) | 45 പ്രവൃത്തി ദിവസം | റീജിയണൽ ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ |

| | | | | | |
|---|---|---|---|---|---|
| | | (2) റീജിയണൽ ഡയറക്ടർ (അപേക്ഷകരുടെ അർഹത പരിശോധിച്ച് ധനസഹായം അനുവദിക്കുന്നു | 45 പ്രവൃത്തി ദിവസം | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |
| 2 | സ്നേഹസ്പർശം (അവിവാഹിതരായ അവസ്ഥയിൽ അമ്മമാരായ അഗതികളായ സ്ത്രീകൾക്കുള്ള ധനസഹായ പദ്ധതി) | (1) ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ (അംഗൻവാടി വർക്കർ/ സൂപ്പർവൈസർക്ക് സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് അന്വേഷണം നടത്തി ശുപാർശ ചെയ്ത് സാമൂഹ്യ സുരക്ഷാ മിഷന് നൽകുന്നു) | 45 പ്രവൃത്തി ദിവസം | റീജിയണൽ ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ |
| | | (2) റീജിയണൽ ഡയറക്ടർ (അപേക്ഷകരുടെ അർഹത പരിശോധിച്ച് ധനസഹായം അനുവദിക്കുന്നു) | 45 പ്രവൃത്തി ദിവസം | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 3 | സ്നേഹസാന്ത്വനം (കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതർക്കുള്ള സഹായ പദ്ധതി) | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (പ്രതിമാസം മണി ഓർഡർ ലിസ്റ്റ്/ ബാങ്ക് ഫോമിൽ തയ്യാറാക്കി തുക നിക്ഷേപിക്കുക) | 30 പ്രവൃത്തി ദിവസം | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |
| 4 | സ്നേഹപൂർവ്വം പദ്ധതി (മാതാപിതാക്കളിൽ രണ്ട് പേരുമോ ഒരാളോ നഷ്ടപ്പെട്ട് ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളെ സ്വഭവനങ്ങളിലോ ബന്ധുഭവനങ്ങളിലോ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകാൻ പര്യാപ്തമാക്കുന്ന ധനസഹായ പദ്ധതി) | റീജിയണൽ ഡയറക്ടർ | സ്കൂൾ പ്രിൻസിപ്പാളിൽ നിന്നും അപേക്ഷ ലഭിച്ചുകഴിഞ്ഞ് 30 ദിവസത്തിനകം | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ | സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |
| 5 | താലോലം പദ്ധതി (18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി) | പദ്ധതിയുടെ കൗൺസിലർ | 5 പ്രവൃത്തി ദിവസം | റീജിയണൽ ഡയറക്ടർ | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ |

| | | | | | |
|---|---|---|---|---|---|
| 6 | കാൻസർ സുരക്ഷാ പദ്ധതി (18 വയസ്സു വരെ പ്രായമുള്ള കാൻസർ ബാധിതരായ കുട്ടികൾക്കുള്ള സൗജന്യ കാൻസർ ചികിത്സാ പദ്ധതി) | പദ്ധതിയുടെ കൗൺസിലർ | 5 പ്രവൃത്തി ദിവസം | റീജിയണൽ ഡയറക്ടർ | എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ |
| 7 | സമാശ്വാസം പദ്ധതി (മാസത്തിൽ ഒരു തവണ എങ്കിലും ഡയാലിസിസ് വേണ്ടിവരുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വൃക്കരോഗികൾക്കുള്ള ധനസഹായ പദ്ധതി) | റീജിയണൽ ഡയറക്ടർ | അപേക്ഷിച്ച് 15 ദിവസത്തിനകം ശിശു വികസന പദ്ധതി ഓഫീസർ അന്വേഷണം നടത്തി ശുപാർശ നൽകുന്നു. തുടർന്ന് 15 ദിവസത്തിനകം സുരക്ഷാ മിഷൻ ധനസഹായം അനുവദിക്കുന്നു | എക്സിക്യൂട്ടീവ് ഡയറക്ടർ | അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |



ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

ഡോക്ടർ കെ. എം. എബ്രഹാം,
*അഡീഷണൽ ചീഫ് സെക്രട്ടറി,*
*സാമൂഹ്യനീതി വകുപ്പ്.*

# വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ടിലെ 3-ാം വകുപ്പ് പ്രകാരം ഓരോ സർക്കാർ വകുപ്പും, വകുപ്പ് തലവൻമാരും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിയമാധിഷ്ഠിത നികായങ്ങളും അത്തരം സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി പ്രദാനം ചെയ്യുന്ന സേവനങ്ങളെ സംബന്ധിച്ചും അത്തരം സേവനങ്ങൾ പ്രദാനം ചെയ്യാൻ നിയുക്തരായ ഉദ്യോഗസ്ഥരെ സംബന്ധിച്ചും ആവലാതികളുള്ളപക്ഷം സമീപിക്കേണ്ട ഒന്നാം അപ്പീൽ അധികാരിയേയും, രണ്ടാം അപ്പീൽ അധികാരിയേയും സംബന്ധിച്ചുമുള്ള പൂർണ്ണ വിവരങ്ങൾ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. ആയത് പ്രകാരം സാമൂഹ്യനീതി ഡയറക്ടറേറ്റും അതിൻകീഴിലുള്ള ക്ഷേമസ്ഥാപനങ്ങളും നൽകുന്ന സേവനങ്ങളെക്കുറിച്ചും ആ സേവനങ്ങൾ ലഭ്യമാക്കുന്ന ഉദ്യോഗസ്ഥരെകുറിച്ചും വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.